ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) നിവേദനം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. സൂപ്പർ മാർക്കറ്റായി ഉയർത്തിയാൽ പ്രതിമാസം കുറഞ്ഞത് 10 ലക്ഷം രൂപ വിറ്റുവരവ് പ്രതീക്ഷിക്കുന്ന മാവേലി സ്റ്റോറുകളാണ് നിലവിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നത്. എന്നാൽ കാവുംകര മാവേലി സ്റ്റോറിലെ ഇപ്പോഴത്തെ ശരാശരി പ്രതിമാസ വിറ്റുവരവ് 3 ലക്ഷം രൂപയിൽ താഴെ മാത്രമാണ്. എന്നാൽ വിറ്റുവരവ് വർദ്ധിച്ചു വരുന്ന മുറയ്ക്ക് സൂപ്പർ മാർക്കറ്റായി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

മാവേലി സ്റ്റോർ അനുവദിക്കാൻ നടപടി

73 (5751) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ മാവേലിസ്റ്റോർ ഇല്ലാത്ത ഏതെങ്കിലും പഞ്ചായത്ത് ഉണ്ടോ എന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ ഈ പഞ്ചായത്തിൽ മാവേലിസ്റ്റോർ അനുവദിക്കുമോ ?

ഉത്തരം

(എ) ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളില്ല.

(ബി) ബാധകമല്ല.

സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി

74 (5752) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വടകര കേന്ദ്രീകരിച്ച് താലൂക്കിന്റെ എല്ലാ ഭാഗത്തും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

വടകര കേന്ദ്രീകരിച്ച് താലൂക്കിന്റെ എല്ലാ ഭാഗത്തും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ഇപ്പോൾ പദ്ധതിയില്ല.

മലയോരപ്രദേശങ്ങളിൽ മൊബൈൽ മാവേലി സ്റ്റോർ

75 (5753) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനമുണ്ടോ ; ഇതിനായി എത്ര വാഹനങ്ങളാണ് സിവിൽസപ്ലൈസ് വകുപ്പ് വാങ്ങിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലയോര പ്രദേശങ്ങളിൽ പഞ്ചായത്ത് കേന്ദ്രങ്ങളിൽ നിന്നും ബഹുദൂരം ഒറ്റയ്ക്ക് താമസിക്കുന്ന ഗ്രാമവാസികൾക്ക് മാവേലി സ്റ്റോറിൽ പോകാൻ കഴിയുന്നില്ല എന്ന സാഹചര്യം പിഗണിച്ച് മൊബൈൽ മാവേലി സ്റ്റോറുകൾ മലയോര പ്രദേശങ്ങൾക്ക് കൂടുതൽ നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) പത്തനംതിട്ട ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ മാവേലി സ്റ്റോറിന്റെ പ്രയോജനം നാട്ടുകാർക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ റാന്നി കേന്ദ്രമാക്കി ജില്ലയുടെ കിഴക്കൻ മലയോര പ്രദേശങ്ങൾക്കായി ഒരു മൊബൈൽ മാവേലി യൂണിറ്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ 8 മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മലയോര/തീരപ്രദേശങ്ങൾക്ക് മുൻഗണന നൽകുന്ന രീതിയിലാണ് മൊബൈൽ മാവേലി സ്റ്റോറുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) ഇപ്പോൾ മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാത്ത ജില്ലകളിൽ പുതുതായി ടി സ്റ്റോറുകൾ തുടങ്ങാനാണ് പദ്ധതി സമർപ്പിച്ചിരിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ ടി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ലാത്തതിനാൽ മേൽ പദ്ധതിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്കും ആവശ്യമായ സ്റ്റാഫ്, അനുബന്ധ സൗകര്യങ്ങൾ എന്നിവ ലഭ്യമാകുന്നതിനനുസരിച്ച് സ്റ്റോറിന്റെ പ്രവർത്തനം ഉചിതമായ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സപ്ലൈകോ വഴി കൂടുതൽ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

76 (5754) ശ്രീ. കെ. ബാബു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ ഏതൊക്കെ അവശ്യസാധനങ്ങളാണ് വിതരണം നടത്തുന്നത് ;

(ബി) നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ സംഭരിക്കുന്നതോടൊപ്പം ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾക്ക് എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇപ്പോൾ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾക്കുപുറമേ കൂടുതൽ സാധനങ്ങൾ ഇത്തരത്തിൽ വിതരണം നടത്തണമെന്ന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly